# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 4274

25.06.2014 ലെ മറുപടിക്ക്

### 2013 വർഷത്തിൽ കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

എ) 2013 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ എത്ര വിദേശ വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കാമോ;

എ) 2013 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ 8,58,143 വിദേശ വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്.

ബി) സഞ്ചാരികളുടെ എണ്ണം 2011, 2012 എന്നീ വർഷങ്ങളിലേതിനേക്കാൾ വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

ബി) വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 2011, 2012 എന്നീ വർഷങ്ങളിലേതിനേക്കാൾ വർദ്ധിച്ചിട്ടുണ്ട്. വിവരങ്ങൾ പട്ടികയിൽ കാണുക.

| വിദേശ | 2011 | 2012 | 2013 |
|---|---|---|---|
| വിനോദ സഞ്ചാരികൾ | 7,32,985 | 7,93,696 | 8,58,143 |

സി) ഏറ്റവുമധികം ടൂറിസ്റ്റുകൾ ഏത് രാജ്യത്തു നിന്നുള്ളവരാണെന്ന് വ്യക്തമാക്കാമോ?

സി) ഏറ്റവുമധികം ടൂറിസ്റ്റുകൾ ഇംഗ്ലണ്ടിൽ നിന്നുള്ളവരാണ്. ഏകദേശം ഒന്നര ലക്ഷത്തോളം വിദേശസഞ്ചാരികൾ ഇംഗ്ലണ്ടിൽ നിന്ന് 2013-ൽ കേരളം സന്ദർശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ